പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 126 — 01.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. യിലെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>" അൻവർ സാദത്ത്<br>" എ.പി. അനിൽ കുമാർ<br>" കെ.സി.ജോസഫ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പല മാസങ്ങളിലും കെ.എസ്.ആർ.ടി.സി. റെക്കോർഡ് കളക്ഷൻ നേടിയെന്ന് അവകാശപ്പെടുമ്പോഴും ജീവനക്കാരുടെ ശമ്പളം കൃത്യമായി നൽകുവാൻ സാധിക്കാത്തതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് കോർപ്പറേഷന്റെ സ്വന്തം വരുമാനത്തിൽ നിന്ന് ലഭിക്കുന്ന തുകയും പ്രതിമാസം വായ്പ ഇനത്തിൽ സർക്കാർ നൽകുന്ന ധനസഹായവും കൊണ്ടാണ്. കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന ശരാശരി വരുമാനം 6.30 കോടി രൂപയാണ്. ആയതിൽ ശരാശരി 5.20 കോടി രൂപ പ്രതിദിന ചെലവിനത്തിൽ വിനിയോഗിക്കുന്നു. ബാക്കി വരുന്ന ശരാശരി 1.10 കോടി രൂപയിൽ നിന്നുമാണ് ശമ്പളം നൽകി വരുന്നത്. ശമ്പളവും, വേതനവും നൽകുവാൻ ശരാശരി 84 കോടി രൂപ ആവശ്യമാണ്. എന്നാൽ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശരാശരി 30 കോടി രൂപ മാത്രമാണ് ശമ്പളത്തിനായി വരുമാനത്തിൽ നിന്ന് സ്വരൂപിക്കാൻ കഴിയുന്നത്. പ്രതിമാസം സർക്കാർ വായ്പയായി നൽകുന്ന ധനസഹായവും ചേർത്ത് മാസാന്ത്യം 46 കോടി രൂപ മാത്രമേ കോർപ്പറേഷന്റെ കൈവശം ഉണ്ടാവുകയുള്ളൂ. ആയതിനാൽ നെറ്റ് ശമ്പളവും വേതനവും നൽകുന്നതിന് തൊട്ടടുത്ത മാസം 15 മുതൽ 25 ദിവസം വരെയുള്ള പ്രതിദിന വരുമാനം കൂടി ചേർത്ത് 73 കോടി രൂപ സ്വരൂപിച്ചാണ് കഴിഞ്ഞ കുറെ മാസങ്ങളായി ശമ്പളവും വേതനവും നൽകി വരുന്നത്. പ്രളയം കാരണം സർവ്വീസുകൾ താറുമാറായതു മൂലം ആ സമയങ്ങളിൽ വളരെ കുറച്ച് ബസ്സുകൾ മാത്രമേ സർവ്വീസ് നടത്താൻ കഴിഞ്ഞുള്ളൂ. ഇക്കാരണത്താൽ വരുമാനത്തിൽ |

| | | | |
|---|---|---|---|
| | | | ഗണ്യമായ കുറവുണ്ടായി. കൂടാതെ ഡ്രൈവർ മാരുടെ കുറവ് കാരണം ഷെഡ്യൂൾ ഓപ്പ റേഷനിൽ കുറവ് വന്നതും കോർപ്പറേഷന്റെ വരുമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. 2019 ജൂൺ മാസം മുതൽ വിവിധ ഓയിൽ കമ്പനികൾക്കും, എസ്.ബി.ഐ. ക്യാപ്സി നും നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുക നൽകുന്നതിലേക്കായി, പ്രതിമാസം സർക്കാർ വായ്പയായി നൽകുന്ന ധനസഹായത്തിൽ നിന്നും 4 കോടി രൂപ വീതം നൽകേണ്ടി വരുന്നത് ശമ്പളം വൈകുന്നതിന് കാരണമായി ട്ടുണ്ട്. ഇക്കാരണത്താൽ ചില മാസങ്ങളിൽ ശമ്പളം മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം നൽകുവാൻ സാധിച്ചില്ല. എന്നാൽ നിലവിൽ ജീവനക്കാർക്ക് നൽകുവാനുള്ള ശമ്പള വേതന വിതരണത്തിൽ കുടിശ്ശിക ഒന്നും വരുത്തിയിട്ടില്ല. |
| (ബി) | 2019 ജനുവരിക്ക് ശേഷം ഏതൊക്കെ മാസങ്ങളിലാണ് കെ.എസ്.ആർ.ടി.സി. ജീവന ക്കാർക്ക് കൃത്യമായി ശമ്പളം വിതരണം ചെയ്തത്; വ്യക്തമാക്കു മോ; | (ബി) | 2019 ജനുവരി മാസത്തെ ശമ്പളം കെ.എസ്.ആർ.ടി.സി തനത് ഫണ്ടിൽ നിന്നാണ് നൽകിയത് എന്നാൽ 2019 ഫെബ്രുവരി മാസത്തിനു ശേഷമുള്ള മാസങ്ങളിൽ ശമ്പളം മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം നൽകുവാൻ സാധിച്ചിട്ടില്ല. |
| (സി) | 2019 സെപ്റ്റംബർ മാസത്തെ ശമ്പളം ഒക്ടോബർ പകുതിയായി ട്ടും നൽകുവാൻ സാധിക്കാത്തത് മൂലം ജീവനക്കാർ സമരപരിപാടി കളിലേക്ക് നീങ്ങിയ സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (സി) | 2019 സെപ്റ്റംബർ മാസത്തെ ശമ്പളം വൈകിയതിൽ പ്രതിഷേധിച്ച് കെ.എസ്.ആർ. ടി.സി.യിലെ അംഗീകൃത തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ കെ.എസ്. ആർ.ടി.സി.യുടെ ഓഫീസുകളുടെ മുന്നിൽ പ്രതിഷേധം സംഘടിപ്പിക്കുകയുണ്ടായിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി. അഭിമുഖീ കരിക്കുന്ന സാമ്പത്തിക പ്രതി സന്ധി തരണം ചെയ്യുന്നതിനും ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കു മോ? | (ഡി) | നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശമ്പളം നൽകുന്നതിന് അധികമായി കണ്ടെത്തേണ്ട തുക വായ്പയായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുക്കുവാൻ സാധ്യമല്ല. വായ്പ എടുത്താൽ തന്നെ തിരിച്ചടവ് ഇനത്തിൽ ഉണ്ടാകുന്ന ഭീമമായ ബാധ്യത നിലവിലെ സാമ്പത്തിക സ്ഥിതിയെ വീണ്ടും പ്രതിസന്ധി യിലാക്കുകയേ ചെയ്യുകയുള്ളൂ. |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും ചെലവും തമ്മിലുള്ള ഭീമമായ അന്തരം മൂലമാണ് ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുവാൻ കഴിയാത്തത്. വരുമാനം വർദ്ധിപ്പിച്ചും, ചെലവുകൾ ചുരുക്കിയും കോർപ്പറേഷൻ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br>സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്.ആർ.ടി.സി.യും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ വിജയകരമായി നടത്തിവരുന്നു. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് 253 ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിൽ നടത്തി വരുന്നു.<br>കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകി, പരസ്യ ലേലം/ടെണ്ടർ നടപടിയിലൂടെ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിലും, കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള വസ്തുവിലും, ക്യാന്റീൻ സ്റ്റാളുകൾ, ശൗചാലയങ്ങൾ, ബസിലെയും, ബസ് സ്റ്റേഷനിലെയും പരസ്യങ്ങൾ, കൊറിയർ സംവിധാനം, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയ്ക്കായി പ്രതിമാസ ലൈസൻസ് |

| | | | |
|---|---|---|---|
| | | | തുകയുടെ അടിസ്ഥാനത്തിൽ ലൈസൻസ് നല്കി വരികയാണ്. ഇതുമൂലം ടിക്കറ്റിതര വരുമാനം 2017-18 ലെ പ്രതിമാസ ശരാശരി വരുമാനമായ 1.70 കോടിയിൽ നിന്നും പ്രതിമാസ ശരാശരി വരുമാനം 3.14 കോടി യായി വർദ്ധിപ്പിക്കുവാനും കഴിഞ്ഞു. പുനരുദ്ധാരണ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിയിൽ മാറ്റമുണ്ടാകുമെന്ന് കരുതുന്നു. |

**സെക്ഷൻ ഓഫീസർ**